**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1077** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നാളിതുവരെ 20.77 ലക്ഷം കുടിവെള്ള കണക്ഷനുകൾ നല്കിയിട്ടുണ്ട്. ഇത് ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ 38.15 ശതമാനം വരും. നിലവിൽ സംസ്ഥാനത്തെ 54.82% ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നല്കിക്കഴിഞ്ഞു. മാത്രമല്ല 115 പഞ്ചായത്തുകൾ ഹർ ഘർ ജൽ ആയി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (ബി) | ജൽജീവൻ പദ്ധതികൾക്കായി നാളിതുവരെ ലഭിച്ച കേന്ദ്രവിഹിതം എത്രയെന്നും ചെലവഴിച്ചത് എത്രയെന്നും നാളിതുവരെ വകയിരുത്തിയ സംസ്ഥാനവിഹിതം എത്രയെന്നും ചെലവഴിച്ചത് എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിക്കായി നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്ന് 5,610.31 കോടി രൂപയും സംസ്ഥാന സർക്കാരിൽ നിന്ന് 5,533.29 കോടി രൂപയും നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ നിന്ന് 5,515.83 കോടി രൂപയും സംസ്ഥാനവിഹിതമായ ലഭിച്ച തുകയിൽ നിന്ന് 5,615.57 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ജൽജീവൻ പദ്ധതിയ്ക്കായി വിവിധ കരാറുകാർക്ക് നൽകുവാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; ആയത് അടിയന്തിരമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | ജൽ ജീവൻ പദ്ധതിയ്ക്കായി വിവിധ കരാറുകാർക്ക് നല്കുവാൻ 4371.32 കോടി രൂപയുടെ കുടിശ്ശിക നിലവിലുണ്ട്. നിലവിൽ കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നു പദ്ധതിയ്ക്കു അനുവദിച്ചിട്ടുള്ള തുക കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക കൊടുത്തു തീർത്തുവരുന്നു. |
| (ഡി) | ജൽജീവൻ പദ്ധതി വഴി നാളിതുവരെ നൽകിയ ആകെ കുടിവെള്ള കണക്ഷനുകൾ എത്രയെന്നും ഇതിൽ എത്ര കണക്ഷനുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ; | (ഡി) | ജലജീവൻ പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ ആകെ 20,77,333 കണക്ഷനുകൾ നൽകിയിട്ടുണ്ട്. നൽകിയ കണക്ഷനുകളിൽ കുടിവെള്ളം ലഭ്യമാണ്. |

| ജില്ല | നൽകിയ കണക്ഷനുകൾ |
|---|---|
| തിരുവനന്തപുരം | 279527 |
| കൊല്ലം | 298644 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>പത്തനംതിട്ട</td><td>90312</td></tr>
<tr><td>കോട്ടയം</td><td>114047</td></tr>
<tr><td>ആലപ്പുഴ</td><td>169108</td></tr>
<tr><td>ഇടുക്കി</td><td>39223</td></tr>
<tr><td>എറണാകുളം</td><td>149818</td></tr>
<tr><td>തൃശ്ശൂർ</td><td>129353</td></tr>
<tr><td>പാലക്കാട്</td><td>232183</td></tr>
<tr><td>മലപ്പുറം</td><td>217881.</td></tr>
<tr><td>കോഴിക്കോട്</td><td>116826</td></tr>
<tr><td>വയനാട്</td><td>28345</td></tr>
<tr><td>കണ്ണൂർ</td><td>171193</td></tr>
<tr><td>കാസർഗോഡ്</td><td>40873</td></tr>
<tr><td>ആകെ</td><td>2077333</td></tr>
</table>
ഇതു കൂടാതെ സംസ്ഥാനത്താകെ 774089 കണക്ഷനുകൾ HTC ആയി നൽകിയിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ഉത്പാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഈ കണക്ഷനുകളിൽ കൂടി കുടിവെള്ളം ഉറപ്പാക്കുവാൻ കഴിയും.
</td></tr>
<tr><td>(ഇ)</td><td>ജൽജീവൻ പദ്ധതിയിൽ കരാറുകാർക്ക് പലതരത്തിലുള്ള മുൻഗണനാ രീതികൾ നടപ്പിലാക്കി വരുന്നതായും അത് യഥാർത്ഥ മുൻഗണനാക്രമം അട്ടിമറിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?</td><td>(ഇ)</td><td>ജൽ ജീവൻ പദ്ധതിയിൽ കരാറുകാർക്ക് പലതരത്തിലുള്ള മുൻഗണനാ രീതികൾ നടപ്പിലാക്കി വരുന്നതായോ അത് യഥാർത്ഥ മുൻഗണനാക്രമം അട്ടിമറിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജൽ ജീവൻ മിഷൻ പദ്ധതിയിൽ തുകകൾ നൽകുന്നത് സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ